# 18th meeting of Russia-India-China (RIC) Foreign Ministers

November 25, 2021

---

**റഷ്യ -ഇന്ത്യ-ചൈന (RIC) വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം**

നവംബർ 25, 2021

റഷ്യൻ ഫെഡറേഷൻ, റിപ്പബ്ലിക് ഓഫ് ഇന്ത്യ, പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന എന്നീ രാജ്യങ്ങളിൽ നിന്നുള്ള വിദേശകാര്യ മന്ത്രിമാരുടെ 18മത് യോഗം 2021 നവംബർ 26-ന് ഇന്ത്യൻ വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ അധ്യക്ഷതയിൽ ഡിജിറ്റൽ വീഡിയോ കോൺഫറൻസ് ഫോർമാറ്റിൽ നടക്കും.

പ്രാധാന്യമുള്ള വിവിധ പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ വീക്ഷണങ്ങൾ കൈമാറുന്നതുൾപ്പെടെ ആർ ഐ സി ത്രികക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് വിദേശകാര്യ മന്ത്രിമാർ ചർച്ച ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

2020 സെപ്തംബറിൽ മോസ്കോയിൽ നടന്ന ആർ ഐ സി വിദേശകാര്യ മന്ത്രിമാരുടെ അവസാന യോഗത്തിന് ശേഷമാണ് ഇന്ത്യ ആർ ഐ സി യുടെ അധ്യക്ഷസ്ഥാനം ഏറ്റെടുത്തത്. യോഗത്തിന് ശേഷം, വിദേശകാര്യ മന്ത്രി ആർ ഐ സി യുടെ അധ്യക്ഷ സ്ഥാനം, അടുത്ത ഒരു വര്ഷ്ത്തേയ്ക്ക് പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ വിദേശകാര്യ മന്ത്രിക്ക് കൈമാറും.

**ന്യൂ ഡെൽഹി**
**നവംബർ 25, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.